# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 77 — 12.06.2013-ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ)സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടക്കാതെ വരുന്നതുകൊണ്ട് നിരോധിക്കപ്പെടേണ്ട മരുന്നുകൾ നിരവധി രോഗികൾ കഴിച്ചുകൊണ്ടിരിക്കുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) നിലവിലെ പരിമിതമായ ലാബ് സൌകര്യത്തിൽ സാമ്പിൾ മരുന്നുകൾ പരിശോധിച്ച് ഫലം ലഭിക്കാൻ വർഷങ്ങളെടുക്കുന്ന സാഹചര്യത്തിൽ, ഇക്കാലയളവിനുള്ളിൽ കോടിക്കണക്കിന് രൂപയുടെ മരുന്ന വിറ്റഴിക്കപ്പെടുകയും, രോഗികൾ ഉപയോഗിക്കുകയും ചെയ്യുന്ന ഗുരുതര സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (എ) & (ബി)<br>കേരളത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ വർഷത്തിൽ ഏകദേശം 4000 മരുന്നുകളുടെ സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. ടെസ്റ്റ് പാസാകാത്ത മരുന്നുകൾ വിപണിയിൽ വിൽക്കപ്പെടുന്നില്ലെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധന വേളകളിൽ ഉറപ്പു വരുത്തുന്നു. Expiry date അടുത്തുവരുന്ന മരുന്നുകൾ പ്രത്യേക പരിഗണന നല്കി അതിവേഗം റിപ്പോർട്ടിനായി അയച്ചുവരുന്നു. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ ലംഘനത്തിന്റെ ഗൗരവമനുസരിച്ച് വകുപ്പുതല നടപടികളും പ്രോസിക്യൂഷൻ നടപടികളും എടുക്കാറുണ്ട്.<br>ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ വിവരങ്ങൾ XNL സോഫ്റ്റ്വെയറിന്റെ എസ്.എം.എസ് സംവിധാനം വഴി, ഇത്തരം മരുന്നുകളുടെ പരിശോധനാഫലം ലഭ്യമായ ഉടൻതന്നെ വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾക്കും കൂടാതെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്നവർക്കും ലഭ്യമാക്കുന്നു. ഈ പ്രകാരം ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിപണിയിലെത്തുന്നില്ലാ എന്ന് ഉറപ്പു വരുത്തുന്നുണ്ട്.<br>അടുത്തുതന്നെ എറണാകുളത്ത് റീജിയണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തനം ആരംഭിക്കുന്നുണ്ട്. അപ്പോൾ കൂടുതൽ മരുന്നുകൾ പരിശോധിക്കാനാകും. |
| (സി) മരുന്നുകളുടെ സാമ്പിൾ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണ് ; വിശദമാക്കുമോ ? | (സി)നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ഒരു മരുന്ന് പരിശോധന ലബോറട്ടറി മാത്രമാണ് ഉള്ളത്. പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നുണ്ട്. എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തനം ആരംഭിക്കുന്നതോടെ കൂടുതൽ മരുന്നുകളുടെ പരിശോധന സാധ്യമാകും. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ 3 പുതിയ മരുന്ന് പരിശോധന ലബോറട്ടറി കൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ ലാബുകളുടെ എണ്ണം 5 ആകുന്നതോടുകൂടി കേരളത്തിലെ വിപണിയിൽ വിറ്റഴിയുന്ന മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകളുടെ എങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ